# <u>മഞ്ഞുരുകുമ്പോൾ</u>

**[പ്രൊഫ. (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

**ഏറ്റവും** ഒടുവിലെ താപനില
നിന്നോടു മാത്രം ചോദിക്കുന്നു –
നാളത്തെ കാലാവസ്ഥയും.

**എത്ര** കാരുണ്യവതിയാണ് നീ!
പറഞ്ഞതു തിരിയാഞ്ഞാൽ
ചെവി കേൾക്കുന്നില്ലെന്നു മാത്രം
അനുകമ്പയോടെ മൊഴിയും.
എന്നിട്ടും മുഖം തിരിച്ചറിഞ്ഞു കനിയും.

**ഇല്ല**
വേണ്ട
ആവശ്യമില്ല:
സൌമ്യമായി നിഷേധിക്കാൻ
എത്ര ശൈലിയും പ്രയോഗവും പറഞ്ഞു തന്നു.
നന്ദിപ്രകടനത്തിനു
എത്രയെത്ര സൂത്രവാക്യങ്ങൾ ചൊല്ലിത്തന്നു.

**തീർച്ചയായും** നിനക്ക് കടപ്പെട്ടിരിക്കുന്നു.

**ഹൃദയഭാരം** പടം പൊഴിക്കുന്ന
പിശുക്കോടെ ചൊരിയുന്ന സ്വേദം
നിരനിരയായി നെഞ്ചിൽ അണിഞ്ഞ
പഴയ പെരുക്കങ്ങളുടെ കഠിനപ്പട്ടിക
അർത്ഥപൂർണ്ണതയുടെ ഊഷ്മളതയിൽ
എവിടെ വലിച്ചെറിയും?

**അറിയാം**

എനിക്കറിയാം
എന്നുമെന്നപോലെ ഇന്നും ഓർമ്മിപ്പിക്കും:
ഇവിടെ നിർത്താതെ മഞ്ഞുപെയ്യുകയാണ് –
ഉള്ളു തപിപ്പിച്ചു തണുപ്പിക്കുന്ന
നുരഞ്ഞു പൊന്തുന്ന ഷാമ്പെയിൻ
അടപ്പു തുറന്ന് പതഞ്ഞുണർത്തുന്ന
പാർലറുകളുടെ വിസ്തൃത വിവസ്ത്രത
അടച്ചുപൂട്ടിയിരിക്കുന്നു.
*******************************************************************